# Sree Sankaracharya University of Sanskrit, Kalady

**(A Statutory Educational Institution Constituted by Government of Kerala)**
**Reaccredited by NAAC with 'A+'Grade**
**Kalady P.O., Ernakulam (Dist), Kerala – 683 574**
**Phone: 0484-2463380, 9446061639, E-mail: reg@ssus.ac.in, Website: www.ssus.ac.in**


തീയതി: 17.04.2026

## പ്രസിദ്ധീകരണത്തിന്

## 1. സംസ്കൃത സർവ്വകലാശാലയിലെ ശങ്കരജയന്തി ആഘോഷങ്ങൾ: ഗവർണർ പങ്കെടുക്കും; സംഘാടക സമിതി രൂപീകരിച്ചു

ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ ശങ്കര ജയന്തി ആഘോഷങ്ങളോടനുബന്ധിച്ച് രൂപീകരിച്ച സംഘാടക സമിതിയുടെ യോഗം നടന്നു. ശങ്കര ജയന്തി ദിനമായ ഏപ്രിൽ 21ന് ചാൻസലർ കൂടിയായ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ സർവ്വകലാശാല കാലടി മുഖ്യകാമ്പസിലുള്ള യൂട്ടിലിറ്റി സെന്റർ ഓഡിറ്റോറിയത്തിൽ രാവിലെ 10.30ന് ശങ്കര ജയന്തി ദിനാഘോഷങ്ങൾ ഉദ്ഘാടനം ചെയ്യുമെന്ന് വൈസ് ചാൻസലർ പ്രൊഫ. സിസ തോമസ് അറിയിച്ചു. സംഘാടക സമിതി ജനറൽ കൺവീനറും സിൻഡിക്കേറ്റ് അംഗവുമായ ആർ. അജയൻ, സംഘാടക സമിതി ജോയിന്റ് കൺവീനർമാരും സിൻഡിക്കേറ്റ് അംഗങ്ങളുമായ ഡോ. വിനീത് ആർ. എസ്., അഡ്വ. കെ. എസ്. അരുൺകുമാർ, രജിസ്ട്രാർ ഡോ. മോത്തി ജോർജ്, കൺവീനർമാരായ പ്രൊഫ. ജി. നാരായണൻ, ഡോ. സുനിൽകുമാർ ആർ. ഡി., ടീച്ചർ ഇൻ ചാർജ്ജ് ഓഫ് എക്സാമിനേഷൻസ് ഡോ. വി. കെ. ഭവാനി, ഡോ. യമുന കെ., ഡോ. രതി ടി. എസ്, പബ്ലിക് റിലേഷൻസ് ഓഫീസർ ജലീഷ് പീറ്റർ എന്നിവർ പ്രസംഗിച്ചു.

## 2. സംസ്കൃത സർവ്വകലാശാല : 21 ലെ പരീക്ഷകൾ മാറ്റി

ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ഏപ്രിൽ 21ന് നടത്തുവാൻ നിശ്ചയിച്ചിരുന്ന എല്ലാ സെമസ്റ്റർ പരീക്ഷകളും മാറ്റി വച്ചു. പുതുക്കിയ തീയതികൾ പിന്നീട് അറിയിക്കും.


**ജലീഷ് പീറ്റർ**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ നം. 9447123075